പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 835

14.01.2021-ൽ മറുപടിയ്ക്ക്

## ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) അനശ്വര നടൻ കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്ഥലം ലഭ്യമായ സാഹചര്യത്തിൽ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) | അനുഗ്രഹീത നടൻ കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് കിഴക്കെ ചാലക്കുടി വില്ലേജിൽ ഗവ.സ്കൂളിന്റെ കൈവശമുള്ള സർവ്വേ 438/4 ൽ 0.0618 ഹെക്ടർ, 441/10 ൽ 0.0191 ഹെക്ടർ (ആകെ 20 സെന്റ്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമിയിൽ സ്മാരക നിർമ്മാണം നടത്തുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) മുൻപ് കലാഭവൻ മണി സ്മാരകത്തിനായി ബജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപയും വകുപ്പുമന്ത്രി പ്രഖ്യാപിച്ച 25 ലക്ഷം രൂപയും ഉൾപ്പെടെ ഇതിനാവശ്യമായ മുഴുവൻ തുകയും അനുവദിക്കുന്നതിനും പ്രസ്തുത സ്മാരക കേന്ദ്രത്തിൽ ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) | നിലവിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ സ്മാരക നിർമ്മാണത്തിനായി നടപ്പുവർഷം 5054-80-800-66 എന്ന ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്മാരക നിർമ്മാണം സാധ്യമാണ്. പ്രസ്തുത സ്മാരകത്തിനോടനുബന്ധിച്ച് കേരള ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലലഭ്യതയുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ